**ശ്രദ്ധക്ഷണിക്കൽ**

## അനധികൃത ക്വാറി/ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്ന സുപ്രധാനമായ ഒരു വിഷയമാണ്, നമ്മുടെ കേരളത്തിന്റെ പൊതുമുതൽ, വരദാനമായി പ്രകൃതിയിൽനിന്ന് കിട്ടിയ പൊതുമുതൽ ഇവിടെ കൊള്ളയടിക്കുകയാണ് എന്നത്. മണൽ മാത്രമല്ല, കേരളത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിൽനിന്നും നൂറ് കണക്കിന് ക്വാറികൾ പാറകൾ പരസ്യമായി, നിയമവിരുദ്ധമായി പൊട്ടിക്കുകയാണ്. അതിന് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ട്, അപകടങ്ങളുണ്ട്, ഖജനാവിന് പൊതു നഷ്ടമുണ്ട്, സാർവത്രികമായ കൊള്ളയാണ് ദീർഘകാലമായി ഇവിടെ നടക്കുന്നത്. എന്റെ മണ്ഡലത്തിന്റെ ഒരു കണക്ക് ഞാൻ എടുത്തു. നെടുമങ്ങാട് മണ്ഡലത്തിൽ 33 ക്വാറികൾ പ്രതിദിനം പ്രവർത്തിക്കുകയാണ്. അതിൽ 4 ക്വാറികൾക്കാണ് പെർമിറ്റുള്ളത്. സ്വകാര്യ വ്യക്തികളുടെ 33 ക്വാറികൾ പകലും രാത്രിയും പാറ പൊട്ടിച്ച് ടിപ്പർ ലോറികളിൽ അപകടമേഖലകളിൽ കൂടി യാത്ര ചെയ്ത് പണമുണ്ടാക്കുകയാണ്. ചട്ടലംഘനമാണ്, നിയമവിരുദ്ധമാണ്, കൊള്ളയാണ്, പകൽക്കൊള്ളയാണ്, പൊതുമുതൽ

കൊള്ളയടിക്കുകയാണ്. ഇതുമാത്രമല്ല, ധാതുമണലിലും ഇതുപോലെയുണ്ട്. ലോഹമണൽ കൊള്ളയടിക്കുന്നു. ഇത് കേരളത്തിന്റെ പൊതുവായ സമ്പത്താണ്. എന്റെ നിർദ്ദേശം ഈ കാര്യത്തിൽ ഗവൺമെന്റ്, ബന്ധപ്പെട്ട വകുപ്പ് ഇടപെട്ട് ഇതിനൊരു നിയമം ഉണ്ടാക്കണമെന്നാണ്. എത്ര ക്വാറികൾ ഉണ്ട് കേരളത്തിൽ; ആരാണ് ഇതിന് പെർമിറ്റ് കൊടുക്കുന്നത്; റവന്യൂവകുപ്പാണോ; വ്യവസായവകുപ്പാണോ; ജിയോളജി ഡിപ്പാർട്ടുമെന്റാണോ; പൊല്യൂഷൻ കൺട്രോൾ ബോർഡാണോ; പരിസ്ഥിതി വകുപ്പാണോ; എവിടെ നിന്നാണ് ഇവർക്ക് ഈ പെർമിഷൻ കിട്ടുന്നത്? ഇന്ന് കേരളത്തിൽ ഈ ലോബി എല്ലാവരേയും സ്വാധീനിച്ചിരിക്കുകയാണ്. ഗവൺമെന്റ് മേഖലയിലെ മഹാഭൂരിപക്ഷം ഉദ്യോഗസ്ഥരും ക്വാറി ലോബിയുടെ സ്വാധീനവലയത്തിലാണ്. അതിനകത്ത് പ്രാദേശികമായ പല ആളുകളും ഇടപെടുന്നുണ്ട്. ഈ ക്വാറികളുടെ ഉടമകളെ പരിശോധിച്ചാൽ ഇതിന്റെ വിശ്വരൂപം മനസ്സിലാകും. ഈ കാര്യത്തിൽ നെടുമങ്ങാട് മണ്ഡലം മാത്രമല്ല, ഞാൻ നെടുമങ്ങാട് മണ്ഡലം ഒരു ഉദാഹരണം പറഞ്ഞതാണ്. ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രിയുടെ ജില്ലയായ പത്തനംതിട്ടയാണ് ഏറ്റവും കൂടുതൽ ക്വാറികൾ ഉള്ളത്. അതുകൊണ്ട് ഗവൺമെന്റ് ഇതിന് ശക്തമായ നിലപാട് എടുക്കണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശക്തമായി ഇതിലിടപെടണം, ഗുരുതരമായ

വിഷയമാണ്, ഏതെങ്കിലും ഒരു മന്ത്രിയുടെ കൈയിൽ നിൽക്കുകയില്ല, ഇതിന്റെ വേരുകൾ എല്ലാം എനിക്കറിയാം. ഈ ക്വാറി പൊട്ടിച്ച് പരിസരവാസികളെല്ലാം അപകടത്തിൽപ്പെടുകയാണ്. രാവിലെ ടിപ്പർ ലോറികൾ ഓടുന്നതിന്റെ ഫലമായി കുട്ടികൾക്ക് സ്കൂളിൽ പോകാൻ നിവൃത്തിയില്ല. ഭീകരമായ അന്തരീക്ഷമാണ്. അതുപോലെതന്നെ ക്രഷർ യൂണിറ്റ്, അത് ഉയർത്തുന്ന പൊടിപടലങ്ങൾകൊണ്ട് മഹാരോഗങ്ങൾ വരികയാണ്. നമ്മൾ ജൈവകൃഷിയെപ്പറ്റി ഒരുപാടെല്ലാം പറഞ്ഞാലും, മറുഭാഗത്ത് ഇതാണ് നടക്കുന്നത്. പ്രകൃതിയെ തകർക്കുക, പണം ഉണ്ടാക്കുക, പണത്തിന്റെ ലോബി എല്ലാവരെയും സ്വാധീനിക്കുകയാണ്, ഇതാണ് ഇവിടുത്തെ പ്രശ്നം. ഇത് ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുൻപിൽ കൊണ്ടുവരികയാണ്, ഗവൺമെന്റ് ശക്തമായ നടപടി എടുക്കണം.

## അനധികൃത ക്വാറി/ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. ദിവാകരൻ ഇവിടെ ഉന്നയിച്ചിട്ടുള്ള ശ്രദ്ധ ക്ഷണിക്കൽ റവന്യൂ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന വിഷയമല്ലെങ്കിലും ഇതിനുള്ള ഒരു വിശദീകരണം ഞാൻ ഇവിടെ നൽകാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് പാറ ഖനനവും ക്രഷർ യൂണിറ്റുകളുടെ

പ്രവർത്തങ്ങളും നിയന്ത്രിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പാണ്. കരിങ്കല്ല് ഖനനത്തിന്റെയും ക്രഷർ യൂണിറ്റുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളും മൂന്ന് മിനറൽ സ്ക്വാഡുകളും നടപടി സ്വീകരിച്ചുവരുന്നു. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 - നിലവിൽ വന്നതോടെ പുതിയ ക്വാറികൾക്ക് അനുമതി നൽകുമ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ പെർമിറ്റുള്ള ക്വാറികൾക്ക് പാരിസ്ഥിതിക അനുമതി കൂടാതെ തന്നെ മൂന്നുവർഷംകൂടി പ്രവർത്തിക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുതിയ കെ.എം.എം.സി. ചട്ടപ്രകാരം അനധികൃത ഖനനത്തിനും കടത്തിനും പിഴയുടെ തോത് വർദ്ധിപ്പിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ ഖനനപ്രവർത്തനങ്ങൾ നിയമവിധേയമായി നടത്തുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതിക അനുമതി നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആഫീസുകൾ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു. നിലവിലെ നിയമങ്ങളും ചട്ടങ്ങളും കോടതിവിധികളും പ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ നൽകുന്ന ഡി.ആന്റ് ഒ. സർട്ടിഫിക്കറ്റ് (Dangerous and Offensive certificate), ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ് നൽകുന്ന എക്സ്പ്ലോസീവ് ലൈസൻസ്, എസ്.ഇ.ഐ.എ. നൽകുന്ന പാരിസ്ഥിതിക അനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകുന്ന എയർ ആന്റ് വാട്ടർസോൺ പൊല്യൂഷൻ കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായതിനുശേഷം മാത്രമേ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനത്തിന് അനുവാദം നൽകുന്നുള്ളൂ. ആയതിനാൽ നിലവിലെ സംവിധാനങ്ങൾ ജില്ലാതലങ്ങളിലും ശക്തിപ്പെടുത്തി അനധികൃത പാറപൊട്ടിക്കലും ക്രഷർ യൂണിറ്റുകളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയാൻ കഴിയുന്നതാണ്.

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി പറഞ്ഞത് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് വ്യവസായ വകുപ്പിന്റെ കീഴിലാണെന്നാണ്. വ്യവസായ വകുപ്പ് മന്ത്രിയുടെ മറുപടി കൂടി കേൾക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇവിടെ ഉന്നയിച്ച പ്രശ്നം, മൈനിംഗ് ആന്റ് ജിയോളജി, വ്യവസായ വകുപ്പിന്റെ കീഴിലുള്ളതാണ്. അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ

ആവശ്യമായിട്ടുള്ള മറുപടി നൽകുന്നതാണ്.

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട മന്ത്രിമാർ രണ്ടുപേരും പറഞ്ഞത്, അനധികൃത പാറ പൊട്ടിക്കൽ നടക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ്. എന്റെ കയ്യിലിരിക്കുന്നത് തഹസീൽദാർ നൽകിയ റിപ്പോർട്ടാണ്. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് 33 ക്വാറികൾ ഇവിടെ പ്രവർത്തിക്കുന്നതിൽ 4 എണ്ണത്തിന് മാത്രമേ പെർമിറ്റ് ഉള്ളൂവെന്നാണ്. എന്താണ് സാർ ഇതിന്റെ അർത്ഥം?

ശ്രീ. ഇ. പി. ജയരാജൻ: ഞങ്ങൾ ഇതുവരെ അതിനെപ്പറ്റി പരിശോധിച്ചിട്ടില്ല. ഞങ്ങളുടെ മുമ്പിൽ അങ്ങനെയൊരു റിപ്പോർട്ട് വന്നിട്ടില്ല. എന്നാൽ മാധ്യമങ്ങളിലൊക്കെ വന്നിട്ടുള്ളതിൽനിന്നും അനധികൃതമായി ചില ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തരുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷിച്ചുവരികയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഖനനം സംബന്ധിച്ച് ഈ സർക്കാരിന് ഒരു നയമുണ്ട്. അത് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഖനനം പൊതു ഉടമസ്ഥതയിൽ വേണമെന്ന അഭിപ്രായമാണ് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളത്. അതിന് ഉതകുന്ന

നടപടികളിലേയ്ക്ക് നമുക്ക് നീങ്ങാം.

## റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

ശ്രീ. മോൻസ് ജോസഫ് : സർ, നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകർ ഗുരുതരമായ വിലത്തകർച്ചമൂലം പ്രതിസന്ധിയിലാവുകയും പ്രയാസപ്പെടുകയും ചെയ്ത സമയത്ത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ റബ്ബർ വിലസ്ഥിരതാ ഫണ്ട് - 150/- രൂപയ്ക്ക് റബ്ബർ സംഭരണ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഒരു സ്കീം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന നിലയിൽ ആവിഷ്കരിച്ച പദ്ധതി മുന്നോട്ട് കൊണ്ടു പോകണമെന്ന ആവശ്യമാണ് റബ്ബർ കൃഷിക്കാർക്കുവേണ്ടി ഞാൻ ഉന്നയിക്കുന്നത്. ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന്റെ പശ്ചാത്തലം പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ പദ്ധതി മുന്നോട്ട് കൊണ്ടു പോകുമോ എന്നുള്ള സംശയവും ആശങ്കകളും റബ്ബർ കർഷകർക്കിടയിൽ ഉണ്ടായി. മാധ്യമങ്ങളിലൂടെ അത്തരത്തിലുള്ള പല റിപ്പോർട്ടുകൾ വന്നു. ഇത്തരമൊരു സ്ഥിതിയിൽ റബ്ബർ കർഷകർക്ക് ഏക ആശ്വാസം ഈ വിലസ്ഥിരതാ ഫണ്ടിന്റെ പദ്ധതിയാണ്. നമ്മുടെ സംസ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുമെല്ലാം റബ്ബറിന് വിലയിടിവ് ഉണ്ടായപ്പോൾ മുഖ്യമായി നമ്മൾ ആശ്രയിച്ചത് റബ്ബർ

സംഭരണത്തിന് വേണ്ടിയുള്ള നടപടികളാണ്. ആ പദ്ധതികൾ ഫലപ്രദമായി ഒരു കാലഘട്ടത്തിലും വിജയിച്ചില്ല. അവസാനം എത്തിച്ചേർന്ന ഒരു പരിഹാര നടപടിയാണ് ഈ വിലസ്ഥിരതാ ഫണ്ട്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ ബഡ്ജറ്റിലൂടെ 300/- കോടി രൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കുകയും ഈ പദ്ധതി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തു. പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അവസാനമായി അവതരിപ്പിച്ച ബഡ്ജറ്റിൽ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും 500/- കോടി രൂപ ഈ പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുന്നതായുള്ള നല്ല നിലപാട് എടുക്കുകയുണ്ടായി. അങ്ങനെ ഈ പദ്ധതി തുടർന്നുകൊണ്ടുപോകുമ്പോൾ ആർ.പി.എസ്. വഴി ഈ പണം കർഷകർക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് 90/- രൂപ വില ഉണ്ടായിരുന്ന സമയത്താണ് ഈ 150/- രൂപയുടെ വിലസ്ഥിരതാ പദ്ധതി ഗവൺമെന്റ് തുടങ്ങിവച്ചത്. അപ്പോൾ ഗവൺമെന്റിന് വരുന്ന നഷ്ടം ഒരു കിലോയ്ക്ക് 60/- രൂപയാണ്. ഇന്നത്തെ മാർക്കറ്റ് വില ആർ.എസ്.എസ്. - 4 ന് 143/- രൂപയും ആർ.എസ്.എസ്. 5-ന് 139/- രൂപയുമാണ്. ഇതനുസരിച്ച് സത്യത്തിൽ ഗവൺമെന്റിന് വലിയ നഷ്ടം വരുന്നില്ല. 150/- രൂപയിൽ എത്തിക്കുന്നതിന് വളരെ

ചെറിയ തുക മാത്രമേ ഇപ്പോൾ ആവശ്യമായി വരുന്നുള്ളൂ. 200/- രൂപയായി ഇത് വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ അത് കർഷകർക്ക് ഏറ്റവും വലിയ അനുഗ്രഹമായിരിക്കും. ഇനി അതിന് കഴിയുന്നില്ലായെങ്കിൽ ഈ 150/- രൂപയുടെ പദ്ധതി മുടക്കം കൂടാതെ തുടർന്നുകൊണ്ടുപോകുക എന്നത് കർഷകർക്കുവേണ്ടി ചെയ്യുന്ന ഏറ്റവും വലിയ കാര്യമാണ്. അത് തുടർന്ന് കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. അതോടൊപ്പം തന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, കേരളത്തിലെ റബ്ബറിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് പ്രധാനമന്ത്രിയെ കണ്ടത് വളരെ ശ്രദ്ധേയമാണ്. അങ്ങനെ കണ്ട് സംസാരിച്ചപ്പോൾ റബ്ബറിന്റെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രധാനമന്ത്രി നമുക്ക് റബറൈസ്ഡ് റോഡ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉറപ്പ് നൽകുകയുണ്ടായി. അത് നേരത്തെ മുതൽ കേരളം ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. 500/- കോടി രൂപ ഈ നിയമസഭതന്നെ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെട്ട ഒന്നാണ്. ഇതുവരെ അത് നമുക്ക് തന്നിട്ടില്ല. ആ 500/- കോടി രൂപ കേന്ദ്രത്തിൽ നിന്നും വാങ്ങിച്ചെടുക്കുന്നതിനുള്ള ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്.

ഇങ്ങനെ ഒരു ശ്രമം നടക്കുന്നതിനിടയിൽ ഏറ്റവും നിർഭാഗ്യകരമായ കാര്യം പ്രധാനമന്ത്രി നമുക്ക് ഉറപ്പ് നൽകി. 500/- കോടിരൂപയുടെ സഹായം അല്ലെങ്കിൽ റബറൈസ്ഡ് റോഡിനുള്ള സഹായമൊക്കെ തരാമെന്ന് പറഞ്ഞിട്ട് ഇന്ന് ജൂൺ 30-ആണ്. ഇന്നുമുതൽ പ്രാബല്യത്തിൽ വരുന്ന ഉത്തരവ് കേരളത്തിന്റെ സമ്പദ്ഘടനയെ പൂർണ്ണമായും തകർക്കുന്നതാണ്. ഇന്ന് വന്നിരിക്കുന്ന ഉത്തരവ്, ഇന്ത്യ - മലേഷ്യ സമഗ്ര സാമ്പത്തിക സഹകരണ കരാർ ഇന്ന് പ്രാബല്യത്തിൽ വരികയാണ്. ഇത് പ്രാബല്യത്തിൽ വന്നുകഴിയുമ്പോൾ ഇവിടെ ഇറക്കുമതി ചുങ്കം, നിയന്ത്രണങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കപ്പെടുകയാണ്. ഇവിടെ ആർക്കും ഇന്ത്യയുടെ മാർക്കറ്റിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദം ഇന്നുമുതൽ കേന്ദ്ര ഗവൺമെന്റ് കൊടുത്തിരിക്കുന്നു എന്നുപറഞ്ഞാൽ ഇന്ത്യയിലേയും കേരളത്തിലേയും റബ്ബർ കർഷകനെ പരിപൂർണ്ണമായി ദ്രോഹിച്ചിരിക്കുകയാണ്. വളരെ ജനദ്രോഹകരമായിട്ടുള്ള ഈ നിലപാട് തിരുത്തിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ അതിശക്തമായ ഇടപെടൽ കേരളം നടത്തേണ്ടതായി വന്നിരിക്കുകയാണ്. അല്ലെങ്കിൽ നമ്മുടെ സമ്പദ്ഘടനയും നമ്മുടെ കർഷകരും തകരും. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ നിലപാട് തിരുത്തിക്കുന്നതിനായുള്ള ഇടപെടൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭ

ഒറ്റക്കെട്ടായിട്ട് നടത്തേണ്ടതായിട്ടുണ്ട്. അതിന് ഗവൺമെന്റ് നേതൃത്വം കൊടുക്കണം എന്നുള്ളതും ഈ വിലസ്ഥിരതാ ഫണ്ട് 150/- രൂപയായി തുടരണമെന്നുമുള്ള ആവശ്യവും ഉന്നയിക്കുന്നു. കഴിയുമെങ്കിൽ അത് 200/- രൂപയാക്കി വർദ്ധിപ്പിച്ച് റബ്ബർ കർഷകരെ സഹായിക്കാൻ കഴിയുന്ന രൂപത്തിൽ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ നടപടി എടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

## റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ ഇനത്തിൽ 29-06-2016 വരെ 128 കോടിരൂപ കൃഷിക്കാർക്ക് കൊടുത്തുകഴിഞ്ഞു. എല്ലാ രണ്ടാഴ്ച ചേരുമ്പോഴും റബ്ബർ ബോർഡ് ഉദ്യോഗസ്ഥന്മാർ സർട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ അക്കൗണ്ടിലേയ്ക്ക് പണം ഒരു താമസവുംകൂടാതെ അയയ്ക്കുന്നതിനുള്ള സംവിധാനം തുടരും. ഇതിന്റെ ചരിത്രം ശ്രീ. മോൻസ് ജോസഫ് പറയുകയുണ്ടായി. ചരിത്രം നോക്കിയാൽ, ഇത് ആരംഭിച്ചിട്ട് 5 വർഷമല്ലേ ആയിട്ടുള്ളൂ. ആദ്യം തീരുമാനിച്ചത് മാർക്കറ്റ് പ്രൈസിനേക്കാൾ ഒരു രൂപ റബ്ബറിന് ഉയർന്ന വിലനൽകി സംഭരിക്കുമെന്ന് പറഞ്ഞായിരുന്നു. അത് അസംബന്ധമാണെന്ന് അന്നുതന്നെ എല്ലാവരും

പറയുകയുണ്ടായി. അതിനുശേഷം അത് രണ്ടുരൂപയാക്കി. ഇങ്ങനെ പലതും ചെയ്തിട്ടും അവസാനം മാർക്കറ്റ്ഫെഡ് വഴിയുള്ള റബ്ബർ സംഭരണം നടത്താൻ ശ്രമിച്ചു, അതും നടന്നില്ല. ഈ 5 വർഷത്തിനിടയിൽ കൃഷിക്കാർക്ക് ആകെ നൽകിയത് 300 കോടിരൂപയാണ്. ഇത്രയും ചരിത്രം പറഞ്ഞതുകൊണ്ട് ഞാൻ ഇത് സൂചിപ്പിച്ചതാണ്. പക്ഷെ മെമ്പർ ആവശ്യപ്പെട്ട കാര്യം, ഒരു തർക്കവുമില്ല, നമ്മൾ ഈ സംഭരണ രീതി തുടരും. റബ്ബറിന് വില വർദ്ധിപ്പിക്കാൻ പറ്റുമോ എന്നുള്ളത് സംബന്ധിച്ച് വേറെ ആലോചിക്കാം, ഇപ്പോൾ ആലോചിച്ചിട്ടില്ല. പക്ഷെ അവസാനം പറഞ്ഞുനിറുത്തിയ കാര്യം വളരെ പ്രധാനപ്പട്ടതാണ്. കേന്ദ്രസർക്കാരിന് നമ്മുടെ റബ്ബർ സംഭരണത്തിന് വില നൽകാൻ പറ്റില്ല. അതുകൊണ്ടാണ് കേരളം ആവശ്യപ്പെടുന്നത്, ഒരു നിലവാരത്തിൽനിന്ന് വില താഴ്ന്നുകഴിഞ്ഞാൽ അതിന്റെ തോതനുസരിച്ച് ഒരു ഏക്കറിന് ഇത്ര രൂപവച്ച് റബ്ബറിന് സബ്സിഡി കൊടുക്കണമെന്ന്. അത് W.T.O.-യുടെയോ അല്ലെങ്കിൽ ആസിയൻ കരാറിന്റെയോ പരിധിക്ക് വരില്ല. നേരിട്ട് സംഭരണവില വയ്ക്കുന്നത് ചുവപ്പ് ബോക്സിലാണ്. ഇത് ഗ്രീൻ ബോക്സിലാണ്. ഇങ്ങനെയൊരു സ്കീമെടുത്ത് കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. അതിനുള്ള മുൻകൈ

മുഖ്യമന്ത്രി എടുത്തുകഴിഞ്ഞു. ഇത് തുടരുകയും ചെയ്യും.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു പ്രധാനപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇന്ന് പ്രാബല്യത്തിൽ വരുന്ന ഇന്ത്യ - മലേഷ്യ കരാറിനെത്തുടർന്നുള്ള നിയന്ത്രണങ്ങളില്ലാത്ത ഇറക്കുമതി - ഇതിനെതിരെ കേരളത്തിന്റെ പ്രതിഷേധമറിയിക്കാൻ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ ഉണ്ടായിരിക്കുന്നത് റബ്ബർ ഉൽപ്പന്നങ്ങൾക്കെല്ലാം ഫ്രീ ഇറക്കുമതിയാണ്. അതോടുകൂടി ഇന്ത്യൻ ഉൽപ്പാദകർ ഞങ്ങൾക്ക് ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് വേണമെന്ന് പറഞ്ഞ് ഇന്നുള്ള ചുങ്കപരിധിപോലും ഇല്ലാതാക്കാം. റബ്ബറും ഇതുപോലെ സ്വതന്ത്രമായി ഇറക്കുമതി ചെയ്യുന്നതിലേയ്ക്കാണ് ഈ നയം അധികം താമസിക്കാതെ എത്തിച്ചേരാൻ പോകുന്നത്. ഇതുസംബന്ധിച്ച് സർവ്വകക്ഷിയോഗമാണോ, നിയമസഭയിൽ ചർച്ചയാണോ വേണ്ടത് എന്നുള്ളത് ആലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ ഇന്നലെ റൂൾ 288 അനുസരിച്ച് വ്യക്തിപരമായ വിദശീകരണത്തിന് നോട്ടീസ് നൽകിയിരുന്നു. ബഹുമാനപ്പെട്ട ചെയർ ഇന്നുരാവിലെ ശ്രദ്ധക്ഷണിക്കൽ കഴിയുമ്പോൾ എനിക്ക് അത് അനുവദിച്ചുനൽകാമെന്ന് സമ്മതിച്ചിരുന്നു. കഴിഞ്ഞ ദിവസത്തെ എന്റെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ നടത്തിയ പ്രസ്താവനയുടെ പേരിൽ ......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് ഉടനെ അറിയിപ്പ് നൽകുന്നതായിരിക്കും. ഇപ്പോൾ സബ്മിഷനിലേയ്ക്ക് പോകുകയാണ്.